2026
NOVEMBER
21
SATURDAY

www.societytodaynews.com

സൊസൈറ്റി ടുഡേ
SOCIETY TODAY e-paper



ഇലക്ട്രോണിക്സ് കയറ്റുമതി കുതിക്കുന്നു; സ്മാർട്ട്ഫോൺ ഇതര ഉത്പന്നങ്ങളിൽ വർധന

മുംബൈ: 206-2027 സാമ്പത്തിക വർഷത്തിന്റെ ഏപ്രിൽ-സെപ്റ്റംബർ കാലയളവിൽ ഇന്ത്യയുടെ ഇലക്ട്രോണിക് ഉത്പന്നങ്ങളുടെ കയറ്റുമതിയിൽ വൻ വളർച്ച. മുൻ വർഷത്തെ അപേക്ഷിച്ച് 44 ശതമാനം വർധിച്ച് 31.97 ബില്യൺ ഡോളറിലെത്തി.

പ്രിൻറഡ് സർക്യൂട്ട് ബോർഡുകൾ (പിസിബി), കമ്യൂണിക്കേഷൻ ഉപകരണങ്ങൾ, മെമ്മറി ചിപ്പുകൾ, സ്റ്റോറേജ് ഉത്പന്നങ്ങൾ എന്നിവയുടെ കയറ്റുമതിയിലുണ്ടായ കുതിപ്പാണ് വളർച്ചയ്ക്കു പിന്നിൽ. സ്മാർട്ട്ഫോണുകളുടെ അപ്പുറത്തേക്ക് രാജ്യത്തിന്റെ ഇലക്ട്രോണിക്സ് കയറ്റുമതി മേഖല വൈവിധ്യവത്കരിക്കപ്പെടുന്നതാണ് ഇത് വ്യക്തമാക്കുന്നത്. 2025-26 സാമ്പത്തിക വർഷത്തിന്റെ ഇതേ കാലയളവിൽ 22.20 ബില്യൺ ഡോളറിന്റെ കയറ്റുമതിയാണ് നടന്നത്.

രാജ്യത്തെ ഇലക്ട്രോണിക്സ് കയറ്റുമതിയിൽ ഏറ്റവും വലിയ വിഭാഗമായി സ്മാർട്ട്ഫോൺ തുടരുന്നു. 2026-27 സാമ്പത്തികവർഷത്തിന്റെ ആദ്യ പകുതിയിൽ വിദേശത്തേക്കുള്ള സ്മാർട്ട്ഫോൺ കയറ്റുമതി 35.8 ശതമാനം ഉയർന്ന് 18.17 ബില്യൺ ഡോളറിലെത്തി.

മുൻ വർഷം ഇതേ കാലയളവിൽ 13.38 ബില്യൺ ഡോളറായിരുന്നു. എന്നാൽ, ആകെ ഇലക്ട്രോണിക് ഉത്പന്നങ്ങളുടെ കയറ്റുമതിയിൽ സ്മാർട്ട്ഫോണുകളുടെ വിഹിതം 60.3 ശതമാനത്തിൽനിന്ന് 56.8 ശതമാനമായി കുറഞ്ഞു. സ്മാർട്ട്ഫോൺ ഇതര ഇലക്ട്രോണിക് ഉത്പന്നങ്ങളുടെ മേഖലയിലാണ് വലിയ മാറ്റമുണ്ടായത്. മുൻ വർഷത്തെ 8.81 ബില്യൺ ഡോളറിൽനിന്ന് 56.5 ശതമാനം ഉയർന്ന് 13.79 ബില്യൺ ഡോളറിലെത്തി. ആകെ ഇലക്ട്രോണിക് ഉത്പന്നങ്ങളുടെ കയറ്റുമതിയിൽ ഇവയുടെ സംഭാവന 39.7 ശതമാനത്തിൽനിന്ന് 43.2 ശതമാനത്തിലേക്കെത്തി.

പിസിബി, മെമ്മറി ചിപ്പ്, സ്റ്റോറേജ് ഉപകരണങ്ങളുടെ കയറ്റുമതിയിൽ വൻ വളർച്ച മൗണ്ടഡ് പ്രിൻറഡ് സർക്യൂട്ട് ബോർഡുകളുടെ കയറ്റുമതി മുൻവർഷത്തെ ഇതേ കാലയളവിലെ 63.3 മില്യൺ ഡോളറിൽ നിന്ന് 32 മടങ്ങിലധികം വർധിച്ച് 2.10 ബില്യൺ ഡോളറായി. 1.87 ബില്യൺ ഡോളറിന്റെ കയറ്റുമതിയുമായി സിംഗപ്പൂരാണ് ഏറ്റവും വലിയ വിപണി; 111.5 മില്യൺ ഡോളറുമായി ചൈനയാണ് തൊട്ടുപിന്നിൽ. പോപ്പുലേറ്റഡ്, ലോഡഡ് അല്ലെങ്കിൽ സ്റ്റഫ്ഡ് പ്രിൻറഡ് സർക്യൂട്ട് ബോർഡുകളുടെ കയറ്റുമതി 213.7 മില്യൺ ഡോളറിൽനിന്ന് 304 ശതമാനം ഉയർന്ന് 864.1 മില്യൺ ഡോളറായി.

മെമ്മറി ഇൻറഗ്രേറ്റഡ് സർക്യൂട്ടുകളുടെ കയറ്റുമതി 23.1 മില്യൺ ഡോളറിൽനിന്ന് 2,333 ശതമാനം വർധിച്ച് 562.4 മില്യൺ ഡോളറിലെത്തി.

സോളിഡ്സ്റ്റേറ്റ് നോൺവോളറ്റൈൽ സ്റ്റോറേജ് ഉപകരണങ്ങളുടെ കയറ്റുമതി 14.6 മില്യൺ ഡോളറിൽ നിന്ന് 1,680 ശതമാനം ഉയർന്ന് 260.5 മില്യൺ ഡോളറായി.

നെറ്റ്വർക്ക് ട്രാൻസ്മിഷൻ, റൂട്ടിംഗ് ഉപകരണങ്ങളുടെ കയറ്റുമതി ഏകദേശം ഇരട്ടിയായി. 732.9 മില്യൺ ഡോളറിൽനിന്ന് 98 ശതമാനം വർധിച്ച് 1.45 ബില്യൺ ഡോളറിലെത്തി.



കേരളത്തിൽ ഭക്ഷ്യവിലക്കയറ്റം ദേശീയ ശരാശരിക്കും മുകളിൽ

തിരുവനന്തപുരം: കേരളത്തിൽ ഭക്ഷ്യവിലക്കയറ്റം ദേശീയ ശരാശരിയെയും മറികടന്ന് ഉയരുന്നു. കേന്ദ്ര സ്റ്റാറ്റിസ്റ്റിക്സ് മന്ത്രാലയത്തിന്റെ കണക്കുപ്രകാരം ദേശീയ ഭക്ഷ്യവിലക്കയറ്റ നിരക്ക് 9.94 ശതമാനമാണെങ്കിൽ കേരളത്തിലേത് 10.92 ശതമാനമാണ്.

തെക്കേ ഇന്ത്യൻ സംസ്ഥാനങ്ങളാണ് വിലക്കയറ്റത്തിൽ മുന്നിൽ. ആന്ധ്രപ്രദേശിൽ 13.23 ശതമാനവും തമിഴ്നാട്ടിൽ 12.37 ശതമാനവും കർണാടകയിൽ 12.11 ശതമാനവും തെലങ്കാനയിൽ 11.66 ശതമാനവുമാണ് നിരക്ക്. മഴക്കുറവും കൃഷിയിലെ നിയന്ത്രണങ്ങളും വിലക്കയറ്റത്തിന് കാരണമായതായാണ് വിലയിരുത്തൽ.

പലവ്യഞ്ജനങ്ങൾക്കും അരിക്കും വൻതോതിലാണ് വില വർധിച്ചത്. ചില ഇനങ്ങൾക്ക് 40 ശതമാനം വരെയും ചിലതിന് 100 ശതമാനത്തിലധികവുമാണ് വർധന. വറ്റൽമുളകിന് കിലോയ്ക്ക് 330 രൂപയായി. ഒരു മാസത്തിനിടെ മാത്രം 130 രൂപയുടെ വർധന. ചെറിയ ഉള്ളിക്ക് 80 രൂപയിൽനിന്ന് 220 രൂപയായും സവാളയ്ക്ക് 40 രൂപയിൽനിന്ന് 80 രൂപയായും വില ഉയർന്നു.

വെളുത്തുള്ളിക്ക് 100 രൂപയിൽനിന്ന് 260 രൂപയായി. പഞ്ചസാര, തുവരപ്പരിപ്പ്, മല്ലി, ജീരകം, പയറുവർഗങ്ങൾ തുടങ്ങിയവയ്ക്കും 20 മുതൽ 40 രൂപ വരെ വർധനയുണ്ടായി. അണക്കെട്ടുകളിലെ ജലനിരപ്പിലും ആശങ്കയുണ്ട്. 178 അണക്കെട്ടുകളിലായി 37 ശതമാനം വെള്ളത്തിന്റെ കുറവുണ്ടെന്നാണ് കേന്ദ്ര ജലകമ്മിഷന്റെ നവംബർ 11ലെ കണക്ക്.

വിലക്കയറ്റം സാധാരണക്കാരുടെ കുടുംബ ബജറ്റിനെയും പ്രതിസന്ധിയിലാക്കി. കഴിഞ്ഞ വർഷം ഇതേ സമയത്തേക്കാൾ നാലംഗ കുടുംബത്തിന് പലവ്യഞ്ജനങ്ങൾക്കായി ചെലവഴിക്കേണ്ട തുക ഇരട്ടിയായി. അരിയുടെ മാസച്ചെലവിൽ മാത്രം 500 മുതൽ 600 രൂപ വരെ വർധനയുണ്ടായി.

1600 ഔട്ട്ലെറ്റുകളുള്ള സപ്ലൈകോയിൽ 13 സബ്സിഡി ഇനങ്ങൾ കുറഞ്ഞ വിലയിൽ ലഭിക്കുന്നത് മാത്രമാണ് ആശ്വാസം. ഭക്ഷ്യവസ്തുക്കളുടെ വില ഇനിയും ഉയർന്നാൽ സാധാരണക്കാരുടെ ജീവിതച്ചെലവ് കൂടുതൽ പ്രതിസന്ധിയിലാകും.



പക്ഷിപ്പനിക്ക് വാക്സിൻ വികസിപ്പിച്ച് ഇന്ത്യ; പ്രതീക്ഷയിൽ കോഴിവളർത്തൽ മേഖല

ന്യൂദൽഹി: രാജ്യത്ത് പക്ഷിപ്പനി വ്യാപന ഭീഷണിക്ക് പരിഹാരമായിരിക്കുകയാണ്. കോഴികളിലെ മാരകമായ എച്ച്5എൻ1 വൈറസിനെ പ്രതിരോധിക്കാൻ രാജ്യത്തെ ആദ്യ തദ്ദേശീയ വാക്സിൻ വികസിപ്പിച്ചിരിക്കുകയാണ് രാജ്യം.

ഭോപ്പാലിലെ ഐ.സി.എ.ആർ ഗവേഷണ സ്ഥാപനമാണ് വാക്സിൻ വികസിപ്പിച്ചെടുത്തത്. തമിഴ്നാട്ടിലും ആന്ധ്രാപ്രദേശിലും പക്ഷിപ്പനി വ്യാപനം റിപ്പോർട്ട് ചെയ്തതിന് പിന്നാലെയാണ് ഈ നേട്ടം.

ഈ നേട്ടം കേരളത്തിലെ കോഴിവളർത്തൽ മേഖലയ്ക്കും വലിയ പ്രതീക്ഷയാണ് നൽകുന്നത്. സംസ്ഥാനത്ത് ബ്രോയിലർ കോഴി ഫാമുകൾ, ലെയർ ഫാമുകൾ, ഹാച്ചറികൾ, കോഴി വ്യാപാരികൾ, ഇറച്ചിക്കോഴി വിതരണ ശൃംഖല എന്നിവ ഉൾപ്പെടുന്ന വലിയൊരു വിപണിയുണ്ട്.

പക്ഷിപ്പനി വ്യാപനമുണ്ടായാൽ കോഴികൾ കൂട്ടത്തോടെ ചത്തൊടുങ്ങുന്നതും, വിപണിയിലെ വിതരണ തടസ്സം എന്നിവ കർഷകർക്കും വ്യാപാരികൾക്കും വലിയ സാമ്പത്തിക നഷ്ടമുണ്ടാക്കും.

പക്ഷികളെ പ്രധാനമായും ബാധിക്കുന്ന ഇൻഫ്ലുവൻസ വൈറസുകളാണ് പക്ഷിപ്പനിക്ക് കാരണമാകുന്നത്.

അതിതീവ്ര വ്യാപനശേഷിയുള്ള എച്ച്5എൻ1 പോലുള്ള വൈറസുകൾ പക്ഷികളിൽ ഉയർന്ന മരണനിരക്കിന് കാരണമാകുന്നതിനാൽ രോഗം നേരത്തേ കണ്ടെത്തി പ്രതിരോധിക്കേണ്ടത് അത്യാവശ്യമാണ്.

തമിഴ്നാട്ടിലെ കടലൂർ ജില്ലയിൽ പക്ഷിപ്പനി സ്ഥിരീകരിച്ചതിനെത്തുടർന്ന് 35,647 പക്ഷികൾ ചത്തതും പ്രതിരോധ നടപടികളുടെ ഭാഗമായി ഏകദേശം 40,000 കോഴികളെ കൊന്നൊടുക്കിയതും ഈ ഭീഷണിയുടെ വ്യാപ്തി വ്യക്തമാക്കുന്നതാണ്.

സൊസൈറ്റി ടുഡേ SOCIETY TODAY

ശബരിമലയിലെ മാലിന്യപ്രശ്നങ്ങൾക്ക് സുസ്ഥിര പരിഹാരം



ശബരിമല: ശബരിമല തീർഥാടനവുമായി ബന്ധപ്പെട്ട പരിസ്ഥിതി മലിനീകരണത്തിനും മാലിന്യപ്രശ്നങ്ങൾക്കും സുസ്ഥിരമായ പരിഹാരം കാണണമെന്ന് നിയമസഭാ പരിസ്ഥിതി സമിതി. പമ്പയിലെയും സന്നിധാനത്തെയും ശുചിത്വ പരിപാലനം കുറ്റമറ്റതാക്കുന്നതിനും തീർഥാടന പാതയിലെ അടിസ്ഥാന സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കണമെന്നും സമിതി നിർദേശിച്ചു. എരുമേലി, പമ്പ, നിലയ്ക്കൽ, സന്നിധാനം എന്നിവയെ സംയോജിപ്പിച്ചുള്ള സമഗ്ര പരിസ്ഥിതി സംരക്ഷണ പദ്ധതി റിപ്പോർട്ട് സർക്കാരിന് പരിസ്ഥിതി സമിതി സമർപിക്കും. എരുമേലി, പന്പ, തീർഥാടന പാതകൾ, സന്നിധാനം എന്നിവിടങ്ങളിലായി രണ്ടുദിവസം സമിതിയംഗങ്ങൾ പരിശോധന നടത്തുകയും തീർഥാടകരുമായി സംസാരിക്കുകയും ചെയ്തു.

വനമേഖലയിലെ സൂക്ഷ്മജീവി സംരക്ഷണ പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്, ഇതിൽ ആവശ്യമായ നടപടി കൈക്കൊള്ളും. മലിനജലത്തിൽ നിന്നും എണ്ണ മാറ്റുന്നതിന് നടപടി സ്വീകരിക്കണം. മലിനീകരണ പ്ലാൻ റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം. ശുചിത്വ തൊഴിലാളികൾക്കുള്ള പരിശീലനവും അവരുടെ ആരോഗ്യത്തിന് മുൻഗണന നൽകിയുള്ള സൗകര്യങ്ങളും ഉറപ്പാക്കണമെന്നും സമിതി നിർദേശിച്ചു.

എരുമേലി, പമ്പ, നിലയ്ക്കൽ, സന്നിധാനം എന്നിവയെ ഉൾപ്പെടുത്തി പത്തനംതിട്ട ജില്ലാ കളക്ടറും ജില്ലാ പൊലിസ് മേധാവിയും ചേർന്ന് സമഗ്ര തീർഥാടന പദ്ധതി റിപ്പോർട്ട് തയാറാക്കണമെന്നും സമിതി നിർദേശം നൽകി. സമിതി മുൻപാകെ വിവിധ വകുപ്പുകൾ സമർപ്പിച്ച വിഷയങ്ങളും പരിഹാര നിർദേശങ്ങളും ഉൾപ്പെടുത്തിയുള്ള വിശദമായ റിപ്പോർട്ടാകും സർക്കാരിലേക്കു സമർപ്പിക്കുകയെന്ന് സമിതി അറിയിച്ചു.

പമ്പ ശ്രീരാമ സാകേതം ഓഡിറ്റോറിയത്തിൽ സമിതി ചെയർമാൻ സജീവ് ജോസഫ് എംഎൽഎയുടെ അധ്യക്ഷതയിൽ ചേർന്ന അവലോകനയോഗത്തിലാണ് നിർദേശങ്ങൾ. സമിതി അംഗങ്ങളായ ചാണ്ടി ഉമ്മൻ എംഎൽഎ, എം.ജെ. സെബാസ്റ്റ്യൻ എംഎൽഎ, ഫൈസൽ ബാബു എംഎൽഎ, ജില്ലാ കളക്ടർ എ. നിസാമുദ്ദീൻ, പൊലിസ് പമ്പ സ്പെഷ്യൽ ഓഫീസർ പി. നിയാസ്, റാന്നി ഡിഎഫ്ഒ ആരുൾ സെൽവം, പെരിയാർ ടൈഗർ റിസർവ് വെസ്റ്റ് ഡെപ്യൂട്ടി ഡയറക്ടർ സുരേഷ് ബാബു, തദ്ദേശ സ്ഥാപന അധ്യക്ഷർ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

കുടിവെള്ളം, അടിയന്തര ചികിത്സാ കേന്ദ്രങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ മികച്ച രീതിയിൽ ലഭ്യമാണെങ്കിലും പരിസ്ഥിതി മലിനീകരണം ഗൗരവത്തോടെ കാണണമെന്ന് ചാണ്ടി ഉമ്മൻ എംഎൽഎ പറഞ്ഞു. പമ്പാ ജലത്തിലെ കോളിഫോം ബാക്ടീരിയയുടെ അളവ് ഉയർന്ന നിലയിലുള്ളത് ആശങ്കാജനകമാണ്. സീവേജ് ട്രീറ്റ്മെൻറ് പ്ലാൻറുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. എരുമേലിയിലെ റോഡുകളുടെ വീതിക്കുറവും കൈയേറ്റങ്ങളും പരിഹരിക്കേണ്ടതുണ്ട്. എരുമേലി, പമ്പ, നിലയ്ക്കൽ എന്നിവയെ ശബരിമലയുടെ ഭാഗമായിത്തന്നെ കണ്ട് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കണം. നിർദേശങ്ങൾ നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ തീർഥാടനകാലത്ത് സമിതി വീണ്ടും സന്ദർശനം നടത്തുമെന്നും ചാണ്ടി ഉമ്മൻ പറഞ്ഞു.

പൂഞ്ഞാർ മണ്ഡലത്തിൽ ഉൾപ്പെടുന്ന എരുമേലി വലിയതോട്ടിലെ മലിനീകരണം കാരണം ആളുകൾക്ക് കുളിക്കാൻ പോലും കഴിയാത്ത സാഹചര്യമാണുള്ളതെന്ന് എം. ജെ. സെബാസ്റ്റ്യൻ എംഎൽഎ ചൂണ്ടിക്കാട്ടി. വിലക്ക് ലംഘിച്ച് സോപ്പ് ഉപയോഗിക്കുന്നതും പ്ലാസ്റ്റിക് കവറുകൾ നിക്ഷേപിക്കുന്നതും കർശനമായി തടയണം. മാലിന്യങ്ങൾ തരംതിരിച്ച് ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് വിവിധ വകുപ്പുകൾ തമ്മിൽ ഏകോപനം ഉറപ്പാക്കണം. വെയിലത്ത് ജോലി ചെയ്യുന്ന പൊലിസുകാർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർക്ക് ഭക്ഷണം കഴിക്കുന്നതിനും വിശ്രമിക്കുന്നതിനും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

തരംതിരിച്ച മാലിന്യങ്ങൾ ശേഖരിച്ച് നീക്കം ചെയ്യുമ്പോൾ അവ വാഹനത്തിൽ ഒരുമിച്ച് കൊണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ രീതി കർശനമായി ഒഴിവാക്കി, തരംതിരിച്ച മാലിന്യങ്ങൾ അതത് വിഭാഗങ്ങളായി പ്രത്യേകമായി നീക്കം ചെയ്യുന്നുവെന്ന് ഉറപ്പാക്കണമെന്ന് ഫൈസൽ ബാബു എംഎൽഎ പറഞ്ഞു. ഭക്തരോട് കഴിഞ്ഞ ദിവസങ്ങളിൽ നേരിട്ടുകണ്ട് സംസാരിച്ചിരുന്നതിൽ നിന്നും അവരുടെ സന്തോഷവും സംതൃപ്തിയും മനസിലാക്കാൻ സാധിച്ചു. പമ്പയിൽ വസ്ത്രം ഉപേക്ഷിക്കുന്നതു തടയാൻ പരിസ്ഥിതി സമിതി കൂടുതൽ കാര്യക്ഷമായ ഇടപെടൽ നടത്തും. പരിസ്ഥിതി സംരക്ഷണം നമ്മൾ ഓരോരുത്തരുടെയും കടമയാണ്. ശബരിമലയിലേക്ക് ട്രാക്ടർ കയറുന്നത് ഒഴിവാക്കി ബദൽ മാർഗങ്ങൾ ഒരുക്കുന്നതിനു നടപടി സ്വീകരിക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.



പത്തനംതിട്ട പരിപൂർണ സാക്ഷരതയിലേക്ക്; അക്ഷരപൂർണിമ പദ്ധതിക്ക് തുടക്കമായി

പത്തനംതിട്ട: ജില്ലയെ പരിപൂർണ സാക്ഷരതയിലേക്ക് നയിക്കുന്നതിനായി ജില്ലാ പഞ്ചായത്തും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ജില്ലാ സാക്ഷരതാ മിഷന്റെ സഹകരണത്തോടെ നടപ്പാക്കുന്ന അക്ഷരപൂർണിമ പദ്ധതിക്ക് തുടക്കമായി. പദ്ധതിയുടെ കർമപദ്ധതി ആസൂത്രണ ശിൽപശാല ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് ദീനാമ്മ റോയി ഉദ്ഘാടനം ചെയ്തു. അക്ഷരപൂർണിമയുടെ ലോഗോ പ്രകാശനവും ചടങ്ങിൽ നിർവഹിച്ചു.

2011ലെ സെൻസസ് പ്രകാരം പത്തനംതിട്ട ജില്ലയിലെ സാക്ഷരതാ നിരക്ക് 96.93 ശതമാനമായിരുന്നു. 202324ലെ കേന്ദ്രസർക്കാർ പീരിയോഡിക് ലേബർ ഫോഴ്സ് സർവേ പ്രകാരം ഇത് 97.44 ശതമാനമായി ഉയർന്നിട്ടുണ്ട്.

25നകം ജില്ലാ, ബ്ലോക്ക്, ഗ്രാമപഞ്ചായത്ത്, നഗരസഭാ തലങ്ങളിൽ സംഘാടകസമിതികൾ രൂപീകരിക്കും. അവശേഷിക്കുന്ന നിരക്ഷരരെ കണ്ടെത്തുന്നതിനുള്ള വിവരശേഖരണം തദ്ദേശസ്ഥാപനങ്ങളുടെ സഹകരണത്തോടെ 30നകം പൂർത്തിയാക്കും. ഡിസംബർ ഒന്നിന് ജില്ലാതല, പഞ്ചായത്ത്, നഗരസഭാ തല പരിപൂർണ സാക്ഷരതാ പ്രഖ്യാപനം മാർച്ച് അഞ്ചിനും 15നും ഇടയിലും ബ്ലോക്ക് തല പ്രഖ്യാപനം മാർച്ച് 16നും 20നും ഇടയിലും ജില്ലാതല പ്രഖ്യാപനം മാർച്ച് 25നും നടത്താനാണ് തീരുമാനം.

ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡൻറ് അനീഷ് വരിക്കണ്ണാമല അധ്യക്ഷത വഹിച്ചു. സാക്ഷരതാ മിഷൻ ജില്ലാ കോഓർഡിനേറ്റർ പി. പ്രശാന്ത് കുമാർ പദ്ധതി വിശദീകരിച്ചു. മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് ശോശാമ്മ തോമസ്, തിരുവല്ല നഗരസഭാ ചെയർപേഴ്സൺ ലേഖ എസ്., പത്തനംതിട്ട നഗരസഭാ ചെയർപേഴ്സൺ സിന്ധു അനിൽ, സാക്ഷരതാ മിഷൻ ജില്ലാ അസിസ്റ്റൻറ് കോഓർഡിനേറ്റർ സിംല ആർ. എന്നിവർ പ്രസംഗിച്ചു.



സൊസൈറ്റി ടുഡേ
SOCIETY TODAY





സിന്ധു രമേഷ്, പ്രേമ ബാബു, ബീന ജെയിംസ്

കെ.വി.വി.ഇ.എസ്: പച്ചാളം യൂണിറ്റ് വനിതാ വിംഗ് ഭാരവാഹികളെ തിരഞ്ഞെടുത്തു

കൊച്ചി: കേരള വ്യാപാരി വ്യവസായി ഏകോപന സമിതി (കെ. വി.വി.ഇ.എസ്) പച്ചാളം യൂണിറ്റിലെ വനിതാ വിംഗ് ഭാരവാഹികളെ തിരഞ്ഞെടുത്തു. സിന്ധു രമേഷ് (പ്രസിഡന്റ്), പ്രേമ ബാബു (ജനറൽ സെക്രട്ടറി) ബീന ജെയിംസ് (ട്രഷറർ) പച്ചാളം യൂണിറ്റ് പ്രസിഡന്റും ജില്ലാ പ്രസിഡന്റുമായ പി.സി.ജേക്കബിന്റെ അധ്യക്ഷതയിൽ കൂടിയ യോഗമാണ് ഭാരവാഹികളെ തിരഞ്ഞെടുത്തത്. യോഗത്തിൽ യൂണിറ്റ് വർക്കിംഗ് പ്രസിഡന്റ് സുരേഷ് ഗോപി, യൂണിറ്റ് ജനറൽ സെക്രട്ടറി സി.വി.രാജു, ട്രഷറർ ടിജോ തോമസ്,വനിതാ വിംഗ് ജില്ലാ പ്രസിഡന്റ് ജയ പീറ്റർ, യൂത്ത് വിംഗ് ജില്ലാ പ്രസിഡന്റ് പ്രദീപ് ജോസ് തുടങ്ങിയവർ പ്രസംഗിച്ചു.





ബിന്ദു സുരേഷ്, ഷിബി നാദിർഷ, മാർഗരറ്റ് ടീച്ചർ

കെ.വി.വി.ഇ.എസ് : കലൂർ യൂണിറ്റ് വനിതാ വിംഗ് ഭാരവാഹികളെ തിരഞ്ഞെടുത്തു

കൊച്ചി: കേരള വ്യാപാരി വ്യവസായി ഏകോപന സമിതി (കെ.വി.വി.ഇ.എസ്) എറണാകുളം കലൂർ യൂണിറ്റിലെ വനിതാ വിംഗ് ഭാരവാഹികളെ തിരഞ്ഞെടുത്തു. ബിന്ദു സുരേഷ് (പ്രസിഡന്റ്), ഷിബി നാദിർഷ (ജനറൽ സെക്രട്ടറി) മാർഗരറ്റ് ടീച്ചർ (ട്രഷറർ) കലൂർ യൂണിറ്റ് പ്രസിഡന്റ് കെ.എ.നാദിർഷയുടെ അധ്യക്ഷതയിൽ കൂടിയ യോഗമാണ് ഭാരവാഹികളെ തിരഞ്ഞെടുത്തത്.

യോഗത്തിൽ കെ.വി.വി.ഇ.എസ് എറണാകുളം ജില്ലാ പ്രസിഡന്റ് പി.സി.ജേക്കബ് മുഖ്യ പ്രഭാഷണം നടത്തി. യൂണിറ്റ് ജനറൽ സെക്രട്ടറി കെ.സി.അനസ്, ട്രഷറർ സജി സ്റ്റാൻലി,വനിതാ വിംഗ് ജില്ലാ പ്രസിഡന്റ് ജയ പീറ്റർ, യൂത്ത് വിംഗ് ജില്ലാ പ്രസിഡന്റ് പ്രദീപ് ജോസ്,നിയോജകമണ്ഡലം പ്രസിഡന്റ് ജംഷീർ വാഴയിൽ തുടങ്ങിയവർ പ്രസംഗിച്ചു.

കാലിക്കട്ട് വാഴ്സിറ്റി എൻഎസ്എസ് അവാർഡിൽ ക്രൈസ്റ്റ് കോളജിന് അഭിമാനനേട്ടം

ഇരിങ്ങാലക്കുട: കാലിക്കട്ട് സർവകലാശാലയുടെ 202425 എൻഎസ്എസ് പുരസ്കാരങ്ങളിൽ ക്രൈസ്റ്റ് കോളജിന് അഭിമാനാർഹമായ നേട്ടം.

കോളജിന്റെ എൻഎസ്എസ് യൂണിറ്റ് മികച്ച എൻഎസ്എസ് യൂണിറ്റ് പുരസ്കാരം കരസ്ഥമാക്കി. സാമൂഹിക സേവന രംഗത്തെ മാതൃകാപരമായ പ്രവർത്തനങ്ങൾക്കും സന്നദ്ധസേവന പ്രവർത്തനങ്ങളിലെ മികവിനുമാണ് ഈ അംഗീകാരം ലഭിച്ചത്.

മികച്ച എൻഎസ്എസ് പ്രോഗ്രാം ഓഫീസറായി വി.പി. ഷിന്റോ, മികച്ച വോളന്റിയർമാരായി പി.എ. ഹരിനന്ദൻ, ലക്ഷ്മി എസ്. കുമാർ എന്നിവരെ തെരഞ്ഞെടുത്തു.

കാഴ്ചപരിമിതിയുള്ള കുട്ടികൾക്കായി ഓഡിയോ ബുക്കുകൾ വിതരണം ചെയ്യുന്ന ശ്രവ്യം പദ്ധതി, ആവശ്യക്കാർക്ക് വീട് നിർമിച്ചുനൽകുന്ന അഭയം പദ്ധതി, അവശ്യവസ്തുക്കൾ ശേഖരിച്ച് പുസ്തകം ഉണ്ടാക്കുന്ന എൻറെ പുസ്തകം പദ്ധതി, ലഹരിവിരുദ്ധ കാമ്പയിൻ മുക്തി പദ്ധതി, വാർഡ് കൗൺസിലറുമായി ചർച്ചചെയ്ത് തൊട്ടടുത്തുള്ള ഗ്രാമത്തെ തെരഞ്ഞെടുത്ത് അവിടെ കുട്ടികൾക്കായുള്ള പഠനം, സ്ത്രീ ശാക്തീകരണം, കണ്ണു പരിശോധന, സെൻസസ് അവെയർനസ് കാമ്പയിൻ തുടങ്ങിയവ സംഘടിപ്പിക്കുന്ന മാനസഗ്രാമം പദ്ധതി, പാലിയേറ്റീവ് കെയർ പദ്ധതികൾ, പ്ലാസ്റ്റിക് വേസ്റ്റുകളിൽനിന്ന് നാടിനെ മുക്തമാക്കാൻ സ്നേഹാരാമം പദ്ധതി തുടങ്ങി ധാരാളം പദ്ധതികൾ ക്രൈസ്റ്റ് എൻഎസ് എസ് യൂണിറ്റുകൾ നടത്തി വരുന്നുണ്ട്.ഈ പ്രവർത്തനങ്ങളുടെ ഫലമായാണ് കോളജ് അഭിമാന നേട്ടം സ്വന്തമാക്കിയത്.



സഹകരണ വാരാഘോഷം: ഉദ്ഘാടനം നടത്തി

പത്തനംതിട്ട: അഖിലേന്ത്യാ സഹകരണ വാരാഘോഷത്തിന്റെ ജില്ലാതല ഉദ്ഘാടനം പത്തനംതിട്ട കേരള ബാങ്ക് ഓഡിറ്റോറിയത്തിൽ അബിൻ വർക്കി എംഎൽഎ നിർവഹിച്ചു. സഹകരണ സ്ഥാപനങ്ങൾ കേവലം വായ്പാ വിതരണ കേന്ദ്രങ്ങൾ എന്നതിലുപരി സമൂഹത്തിന്റെ വിവിധ മേഖലകളിൽ സജീവമായ പങ്കാളിത്തം വഹിക്കുന്ന സ്ഥാപനങ്ങളായി വളർന്നിട്ടുണ്ടെന്ന് എംഎൽഎ പറഞ്ഞു. കാർഷിക മേഖലയിലും ഗ്രാമീണ മേഖലയിലും സാധാരണക്കാർക്ക് വായ്പകൾ ലഭ്യമാക്കുന്നതിലൂടെ ആരംഭിച്ച സഹകരണ പ്രസ്ഥാനം ഇന്ന് കാർഷികോൽപ്പന്നങ്ങളുടെ സംഭരണവും വിപണനവും, ഭവനനിർമാണം, ആരോഗ്യസുരക്ഷ തുടങ്ങി സമൂഹത്തിന്റെ വിവിധ തലങ്ങളിലേക്ക് പ്രവർത്തനം വ്യാപിപ്പിച്ചതായും എംഎൽഎ പറഞ്ഞു.

സാധാരണക്കാരുടെ സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റുന്നതിനും കാർഷികവ്യാവസായിക മേഖലകളുടെ പുരോഗതിക്കും സഹകരണ സ്ഥാപനങ്ങൾ നൽകിയ സംഭാവനകൾ വലുതാണെന്ന് സി വി ശാന്തകുമാർ എംഎൽഎ പറഞ്ഞു. സംസ്ഥാന സർക്കാർ നടപ്പാക്കുന്ന റിസ്ക ഫണ്ട് പദ്ധതി ധനസഹായ വിതരണത്തിന്റെ ജില്ലാതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ട് സഹകരണ സ്ഥാപനങ്ങൾ കൂടുതൽ ജനകീയവും കാര്യക്ഷമവുമായ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകണം. സഹകരണ മേഖലയിലെ നിക്ഷേപകർക്ക് സർക്കാർ ഗ്യാരണ്ടി പ്രഖ്യാപിച്ച സംസ്ഥാന സർക്കാരിന്റെ നടപടി പ്രതീക്ഷ നൽകുന്നതാണെന്നും എംഎൽഎ പറഞ്ഞു.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ദീനാമ്മ റോയി അധ്യക്ഷയായി.

ആധുനിക ഡിജിറ്റൽ ബാങ്കിംഗ് കേരളത്തിലെ സഹകരണ ബാങ്കുകൾക്ക് ഉയർത്തുന്ന വെല്ലുവിളികളും സഹകരണ സംഘങ്ങളുടെ വൈവിധ്യവൽക്കരണവും മുന്നേറ്റവും' എന്ന വിഷയത്തിൽ നടന്ന സെമിനാറിൽ കണ്ണൂർ ഐ.സി.എം. ഡയറക്ടർ ഡോ. എ കെ സക്കീർ ഹുസൈൻ പ്രബന്ധം അവതരിപ്പിച്ചു. ഡിജിറ്റൽ ബാങ്കിംഗ് രംഗത്തെ മാറ്റങ്ങൾ, സാങ്കേതികവിദ്യയുടെ കടന്നുവരവ്, സഹകരണ ബാങ്കുകൾ നേരിടുന്ന വെല്ലുവിളികൾ, സേവനങ്ങൾ കൂടുതൽ ആധുനികവൽക്കരിക്കേണ്ടതിന്റെ ആവശ്യകത, സഹകരണ സംഘങ്ങളുടെ പ്രവർത്തന വൈവിധ്യവൽക്കരണം തുടങ്ങിയ വിഷയങ്ങൾ സെമിനാറിൽ ചർച്ച ചെയ്തു.

സംസ്ഥാന സർക്കാർ നടപ്പാക്കുന്ന റിസ്ക് ഫണ്ട് പദ്ധതി പ്രകാരം 93 വായ്പകൾക്കായി 1,05,28,863 രൂപയുടെ ധനസഹായം വിതരണം ചെയ്തു. വാരാഘോഷത്തിന്റെ ഭാഗമായി സംഘടിപ്പിച്ച മത്സരങ്ങളിൽ വിജയികളായ വിദ്യാർഥികൾക്കും ജീവനക്കാർക്കും സമ്മാനങ്ങൾ നൽകി.

കോഴഞ്ചേരി സർക്കിൾ സഹകരണ യൂണിയൻ ചെയർമാൻ ആർ രഘുനാഥ്, അർബൻ ബാങ്ക് അസോസിയേഷൻ പ്രതിനിധി കെ ജയവർമ്മ, മാർക്കറ്റിംഗ് ഫെഡറേഷൻ പ്രതിനിധി റ്റി കെ സാജു, പി.സി.എ.ആർ.ഡി.ബി. പ്രതിനിധി എസ് വി പ്രസന്നകുമാർ, പി.എ.സി.എസ്. അസോസിയേഷൻ പ്രതിനിധി പ്രസാദ് മാത്യു, പത്തനംതിട്ട ജോയിന്റ് രജിസ്ട്രാർ (ജനറൽ) കെ സി വിജയകുമാർ, കേരളാ ബാങ്ക് സി.പി.സി. ഡെപ്യൂട്ടി ജനറൽ മാനേജർ പി എൻ രാജേഷ്, ജോയിന്റ് ഡയറക്ടർ (ഓഡിറ്റ്) വി കെ സുബിന, ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം) എ എസ് ആൻസി, അസിസ്റ്റന്റ് രജിസ്ട്രാർ (പ്ലാനിങ്) ഷാജി ജോൺ, അസിസ്റ്റന്റ് രജിസ്ട്രാർ (എസ്.സി/ എസ്.ടി) എസ് വിമലകുമാരി, സർവീസ് സംഘടനാ പ്രതിനിധികൾ, സഹകാരികൾ തുടങ്ങിയവർ പങ്കെടുത്തു.

യങ് ഇന്നവേറ്റേഴ്സ് പ്രോഗ്രാം: പുരസ്കാരനിറവിൽ കോഴിക്കോട് ഗവൺമെന്റ് ഐ. ടി. ഐ.

കോഴിക്കോട്: കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിൽ നടപ്പിലാക്കുന്ന യങ് ഇന്നൊവേറ്റേഴ്സ് പ്രോഗ്രാമിൽ മികച്ച നേട്ടവുമായി കോഴിക്കോട് ഗവ. ഐ. ടി. ഐ. പദ്ധതിയുടെ ഭാഗമായി സമർപ്പിച്ച 74 നൂതന ആശയങ്ങളിലൂടെ ഇൻഡസ്ട്രിയൽ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട് വിഭാഗത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കിയ സ്ഥാപനത്തിന് ബെസ്റ്റ് ഇൻസ്റ്റിറ്റ്യൂഷൻ അവാർഡും ലഭിച്ചു. പദ്ധതിയുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ ഫസിലിറ്റേറ്റർ യൂനുസ് മുക്കിൽ ബെസ്റ്റ് ഫെസിലിറ്റേറ്റർ അവാർഡും നേടി. കളമശ്ശേരി രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസിൽ നടന്ന ചടങ്ങിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി റോജി എം. ജോൺ സമ്മാനങ്ങൾ വിതരണം ചെയ്തു.



സമൂഹത്തിലെ വിവിധ പ്രശ്നങ്ങൾക്ക് നൂതന പരിഹാരങ്ങൾ കണ്ടെത്തുകയും സാങ്കേതിക വിദ്യാർഥികളിൽ ഗവേഷണാധിഷ്ഠിതവും സർഗാത്മകവുമായ ചിന്ത വളർത്തുകയുമാണ് വൈ. ഐ. പി. യുടെ ലക്ഷ്യം. വിദ്യാർഥികളുടെ നൂതന ആശയങ്ങളെ സാമൂഹിക ആവശ്യങ്ങളുമായി ബന്ധിപ്പിച്ച് പ്രായോഗിക പരിഹാരങ്ങൾ വികസിപ്പിക്കാനും പദ്ധതി അവസരമൊരുക്കുന്നു.

സീതയിൽ നിന്ന് ഐ പി എസ് ഓഫീസറിലേക്ക്

ഒ എം പ്രദർശനത്തിനെത്തി

സ്വാഭാവിക അഭിനയത്തിലൂടെ തെന്നിന്ത്യൻ സിനിമയിൽ തന്റേതായ ഇടം നേടിയ സായ് പല്ലവി വീണ്ടും പ്രേക്ഷകരെ വിസ്മയിപ്പിക്കാൻ ഒരുങ്ങുന്നു. ആഗോള ബോക്സ് ഓഫീസിൽ 1400 കോടി കടന്ന രാമായണത്തിലെ സീതയായി ശ്രദ്ധ നേടിയ താരം ഇനി വെള്ളിത്തിരയിൽ എത്തുന്നത് കരുത്തുറ്റ പോലീസ് ഉദ്യോഗസ്ഥയുടെ വേഷത്തിൽ. മമ്മൂട്ടിയും ധനുഷും പ്രധാന കഥാപാത്രങ്ങളാകുന്ന രാജ്കുമാർ പെരിയസാമി ചിത്രം ഒ എം ആണ് സായ് പല്ലവിയുടെ ഈ പുതിയ കഥാപാത്രത്തിന് വേദിയാകുന്നത്.

ചിത്രത്തിൽ നിത്യ റെഡ്ഡി ഐപിഎസ് എന്ന കഥാപാത്രത്തെയാണ് സായ് പല്ലവി അവതരിപ്പിക്കുന്നത്. അഭിനയജീവിതത്തിൽ ആദ്യമായാണ് താരം പോലീസ് ഉദ്യോഗസ്ഥയുടെ വേഷത്തിലെത്തുന്നത്. ചുവന്ന ചന്ദനക്കടത്ത് മാഫിയക്കെതിരെ നിർണായക ദൗത്യത്തിന് നേതൃത്വം നൽകുന്ന അന്വേഷണ ഉദ്യോഗസ്ഥയാണ് നിത്യ റെഡ്ഡി. കഥാപാത്രത്തിന്റെ രൂപഭാവത്തിനായി യഥാർഥ ഐപിഎസ് ഉദ്യോഗസ്ഥ മെറിൻ ജോസഫിന്റെ വ്യക്തിത്വത്തിൽനിന്ന് പ്രചോദനം ഉൾക്കൊണ്ടിട്ടുണ്ട്. കഥാപാത്രത്തിന്റെ പൂർണതയ്ക്കായി സായ് പല്ലവി മുടി മുറിച്ചുമാറ്റിയതും ശ്രദ്ധ നേടിയിരുന്നു. ഇതിനെക്കുറിച്ച് സംസാരിക്കവേ, മുടി മുറിച്ച വിവരം അറിഞ്ഞപ്പോൾ അമ്മയ്ക്ക് ആദ്യം വലിയ ഞെട്ടലായിരുന്നുവെന്നും താരം വെളിപ്പെടുത്തി.

പ്രേമം സിനിമയിലെ മലർ മിസ് എന്ന കഥാപാത്രത്തിലൂടെ മലയാളികളുടെ ഹൃദയം കീഴടക്കിയ സായ് പല്ലവി പിന്നീട് ഓരോ ചിത്രത്തിലും വ്യത്യസ്തമായ അഭിനയമികവാണ് പുറത്തെടുത്തത്. കലി, ഫിദ, മാരി 2, ലവ് സ്റ്റോറി, ശ്യാം സിംഗ റോയ്, ഗാർഗി, അമരൻ തുടങ്ങിയ ചിത്രങ്ങളിലെ പ്രകടനങ്ങൾ താരത്തിന്റെ അഭിനയവൈവിധ്യത്തിന് ഉദാഹരണങ്ങളാണ്.

മുഖഭാവങ്ങളിലൂടെയും സ്വാഭാവികമായ ശരീരഭാഷയിലൂടെയും കഥാപാത്രത്തിന്റെ വികാരങ്ങൾ പ്രേക്ഷകരിലേക്ക് എത്തിക്കാനുള്ള കഴിവാണ് സായ് പല്ലവിയെ വ്യത്യസ്തയാക്കുന്നത്. ഗാർഗിയിലെ പോരാട്ടവീര്യമുള്ള കഥാപാത്രവും അമരനിലെ ഇന്ദു റെബേക്ക വർഗീസും ഇതിന് ഉദാഹരണങ്ങളാണ്. ഇപ്പോൾ ആദ്യമായി പോലീസ് യൂണിഫോമണിയുമ്പോൾ അഭിനയത്തിന്റെ മറ്റൊരു തലമാണ് താരം പരീക്ഷിക്കുന്നത്.

അമരൻ എന്ന ചിത്രത്തിനുശേഷം സംവിധായകൻ രാജ്കുമാർ പെരിയസാമിയുമായി വീണ്ടും ഒന്നിക്കുന്ന ചിത്രമാണ് ഒ എം. സംവിധായകൻ തന്റെ പോലീസ് വേഷത്തിൽ തന്നേക്കാൾ കൂടുതൽ വിശ്വാസമർപ്പിച്ചിരുന്നുവെന്നാണ് സായ് പല്ലവി ചിത്രത്തിന്റെ പ്രീ റിലീസ് ഇവന്റിൽ പറഞ്ഞത്. രാജ്കുമാർ പെരിയസാമി സ്ത്രീകഥാപാത്രങ്ങളെ എഴുതുന്ന രീതി ഏതൊരു അഭിനേത്രിയുടെയും സ്വപ്നമാണെന്നും താരം അഭിപ്രായപ്പെട്ടിരുന്നു. നിത്യ റെഡ്ഡി എന്ന കഥാപാത്രത്തിന് നിരവധി തലങ്ങളുണ്ടെന്നും ആക്ഷൻ രംഗങ്ങളിൽ അഭിനയിച്ചത് മികച്ച അനുഭവമായിരുന്നുവെന്നും സായ് പല്ലവി പറഞ്ഞു. അതുപോലെ മമ്മൂട്ടിക്കൊപ്പം അഭിനയിക്കണമെന്നത് സായ് പല്ലവിയുടെ ഏറെക്കാലത്തെ ആഗ്രഹമായിരുന്നു. അമരൻ സിനിമയുടെ ചിത്രീകരണത്തിനിടെ മമ്മൂട്ടിയുടെ പേര് നിരന്തരം കേട്ടിരുന്നുവെന്നും ഇപ്പോൾ അദ്ദേഹത്തോടൊപ്പം അഭിനയിക്കാൻ കഴിഞ്ഞതിൽ സന്തോഷമുണ്ടെന്നും താരം പങ്കുവെച്ചു.

ധനുഷിനൊപ്പം വീണ്ടും ഒന്നിക്കുന്ന ചിത്രം കൂടിയാണ് ഒ എം.



നേരത്തെ മാരി 2വിലെ റൗഡി ബേബി എന്ന ഗാനത്തിലൂടെ ഇരുവരും വലിയ ജനപ്രീതി നേടിയിരുന്നു. ഇത്തവണ ആക്ഷൻ പശ്ചാത്തലത്തിലുള്ള വ്യത്യസ്ത കഥാപാത്രങ്ങളിലാണ് ഇരുവരും എത്തുന്നത്.

മമ്മൂട്ടി, ധനുഷ്, സായ് പല്ലവി എന്നിവരുടെ സാന്നിധ്യം കേരളത്തിലും ചിത്രത്തിന് വലിയ പ്രതീക്ഷ നൽകുന്നുണ്ട്. ചിത്രത്തിന്റെ കേരളത്തിലെ വിതരണാവകാശം സ്വന്തമാക്കിയിരിക്കുന്നത് ബിനു ജോർജ് അലക്സാണ്ടർ പ്രൊഡക്ഷൻസാണ്. കമ്പനിക്കുവേണ്ടി ഡ്രീം ബിഗ് ഫിലിംസാണ് കേരളത്തിലെ തിയേറ്റർ വിതരണം നിർവഹിക്കുന്നത്. വിതരണരംഗത്തേക്കുള്ള ബിനു ജോർജ് അലക്സാണ്ടർ പ്രൊഡക്ഷൻസിന്റെ ശ്രദ്ധേയമായ ചുവടുവയ്പ്പുകൂടിയാണ് ഒ എം. നിർമ്മാണരംഗത്തും കമ്പനി സജീവമാണ്. അനൂപ് സത്യൻ സംവിധാനം ചെയ്യുന്ന മോഹൻലാൽ ചിത്രത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ടും ബിനു ജോർജ് അലക്സാണ്ടർ പ്രൊഡക്ഷൻസ് ശ്രദ്ധ നേടിയിട്ടുണ്ട്.

ചുവന്ന ചന്ദനക്കടത്തിന്റെ പശ്ചാത്തലത്തിൽ ഒരുങ്ങുന്ന ചിത്രത്തിൽ ധനുഷ് രഹസ്യ ദൗത്യത്തിന്റെ ഭാഗമായി കടത്തുസംഘത്തിലേക്ക് നുഴഞ്ഞുകയറുന്ന പോലീസ് ഉദ്യോഗസ്ഥനായാണ് എത്തുന്നത് എന്നാണ് ട്രെയ്ലർ നൽകുന്ന സൂചന. മമ്മൂട്ടി ബർമ കാർത്തികേയൻ എന്ന ശക്തമായ കഥാപാത്രത്തെയും അവതരിപ്പിക്കുന്നു. ശ്രീലീല, നസ്രുദീൻ ഷാ, ഇന്ദ്രൻസ്, രേണു ദേശായി, കലൈറാണി, സഞ്ജയ് സ്വരൂപ് എന്നിവരാണ് ചിത്രത്തിലെ മറ്റ് പ്രമുഖ താരങ്ങൾ. ചിത്രത്തിന്റെ ഗാനങ്ങളും ട്രെയ്ലറും കൂടാതെ പ്രീ റീലിസ് പരിപാടികളും സമൂഹ മാധ്യമങ്ങളിലൂടെ പ്രേക്ഷകരിൽ വലിയ ഹൈപ്പ് സൃഷ്ടിച്ചിട്ടുണ്ട്. ധനുഷ്, ശ്രദ്ധ അഗർവാൾ, അസ്മത് ജഗ്മഗ് എന്നിവർ ചേർന്നാണ് ചിത്രം നിർമ്മിക്കുന്നത്. സംഗീതം സായ് അഭയങ്കറും ഛായാഗ്രഹണം എഴിൽ അരസനും നിർവഹിക്കുന്നു. സീതയായി പ്രേക്ഷകരുടെ മനസ്സിൽ ഇടം നേടിയ സായ് പല്ലവി ഇനി നിത്യ റെഡ്ഡി ഐപിഎസായി എത്രത്തോളം തിളങ്ങുമെന്നതാണ് ആരാധകർ ഉറ്റുനോക്കുന്നത്. മമ്മൂട്ടിയുടെയും ധനുഷിന്റെയും കരുത്തുറ്റ കഥാപാത്രങ്ങൾക്കൊപ്പം സായ് പല്ലവിയുടെ ആദ്യ പോലീസ് വേഷവും ചേരുമ്പോൾ ഒ എം നവംബറിലെ ശ്രദ്ധേയമായ സിനിമാ റിലീസുകളിലൊന്നായി മാറുകയാണ്.



ഹെയ്ൽ മേരി സിനിമയുടെ ആദ്യ ഗാനം പുറത്തിറങ്ങി

കുഞ്ചാക്കോ ബോബനെ നായകനാക്കി നവാഗതനായ വിഷ്ണു രവികുമാർ സംവിധാനം ചെയ്യുന്ന ഹെയ്ൽ മേരി സിനിമയുടെ ആദ്യ ഗാനം പുറത്തിറങ്ങി. സംഗീത സംവിധായകൻ ജേക്സ് ബിജോയിയുടെ നേതൃത്വത്തിലുള്ള മ്യൂസിക് ലേബലായ ഖഃആ റെക്കോർഡ്സാണ് ചിത്രത്തിന്റെ മ്യൂസിക് റൈറ്റ്സ് സ്വന്തമാക്കിയിരിക്കുന്നത്. ജേക്സ് ബിജോയിയുടെ സംഗീതത്തിൽ ബി കെ ഹരിനാരായണൻ വരികൾ തയ്യാറാക്കിയ മാരിവിൽ ചിറക്കേ.. എന്ന ഗാനമാണ് അണിയറപ്രവർത്തകർ പുറത്തുവിട്ടത്. സെബ മൂണാണ് ഗാനം ആലപിച്ചിരിക്കുന്നത്. പൃഥ്വിരാജ് സുകുമാരൻ, ടോവിനോ തോമസ് തുടങ്ങിയ താരങ്ങളും ഗാനം സോഷ്യൽ മീഡിയയിൽ ഷെയർ ചെയ്തിട്ടുണ്ട്. ഹെയ്ൽ മേരിയിലെ മറ്റൊരു കേന്ദ്ര കഥാപാത്രത്തെ അവതരിപ്പിക്കുന്ന സൂരജ് വെഞ്ഞാറമൂട് ഈ ഗാനത്തിൽ പ്രത്യക്ഷപെടുന്നുണ്ട്. അച്ഛൻ മക്കൾ ആത്മബന്ധത്തിന്റെ നേർക്കാഴ്ചയാണ് ഗാനത്തിൽ കാണാൻ കഴിയുന്നത്.

മാർട്ടിൻ പ്രക്കാട്ട് ഫിലിംസും ഗ്രീൻ റൂം പ്രൊഡക്ഷൻസും ചേർന്ന് നിർമിക്കുന്ന ചിത്രത്തിൽ കുഞ്ചാക്കോ ബോബൻ, സൂരജ് വെഞ്ഞാറമൂട് എന്നിവരെ കൂടാതെ വിനയ് ഫോർട്ട്, ജഗദീഷ്, അനു സിത്താര, കാവ്യ രാമചന്ദ്രൻ, ശ്രീകാന്ത് മുരളി, അർച്ചന പദ്മിനി, ബിനോയ് നമ്പാല, ജാസിം ഹാഷിം, ഭാനു പ്രിയ എന്നിവരും താരനിരയിലുണ്ട്. ജി.ആർ. ഇന്ദുഗോപന്റെ നോവലിനെ അടിസ്ഥാനമാക്കി ഡോ. നീരജ് രാജനും മാർട്ടിൻ പ്രക്കാട്ടും ചേർന്ന് തിരക്കഥ ഒരുക്കിയിരിക്കുന്ന ഹെയ്ൽ മേരിയുടെ പിന്നിൽ മലയാള സിനിമയിൽ വലിയ വിജയങ്ങൾ സമ്മാനിച്ച പ്രമുഖ സാങ്കേതിക പ്രവർത്തകരാണ് അണിനിരക്കുന്നത്. റോബി വർഗീസ് രാജ് ക്യാമറ ചലിപ്പിക്കുന്ന ചിത്രത്തിന് ജേക്സ് ബിജോയ് സംഗീതം പകരുന്നു. ചമൻ ചാക്കോയാണ് എഡിറ്റിങ് കൈകാര്യം ചെയ്യുന്നത്. സിബി ചാവറ, രഞ്ജിത്ത് നായർ എന്നിവരും ചിത്രത്തിന്റെ നിർമാതാക്കളാണ്.

പ്രൊഡക്ഷൻ ഡിസൈനർ: ദിലീപ് നാഥ്, മേക്കപ്പ്: റോണക്സ് സേവ്യർ, കോസ്റ്റ്യൂംസ്: സമീറ സനീഷ്, പ്രൊഡക്ഷൻ കൺട്രോളർ: ഷബീർ മലവട്ടത്ത്, ആക്ഷൻ കൊറിയോഗ്രാഫർ: കലൈ കിങ്സൺ, ആക്ഷൻ സന്തോഷ്, സൗണ്ട് ഡിസൈൻ: വിഷ്ണു സുജാതൻ, ചീഫ് അസോസിയേറ്റ് ഡയറക്ടർ: ആരിഷ് അസ്ലം, ജിബിൻ ജോൺ, ചീഫ് അസോസിയേറ്റ് ക്യാമറാമാൻ: അനൂപ് ചന്ദ്രൻ, സെക്കൻഡ് യൂണിറ്റ് ക്യാമറാമാൻ: അശ്വിൻ രമേഷ്, അസോസിയേറ്റ് ഡയറക്ടർ: സിദ്ധാർത്ഥ് എസ്., രാജീവ് സേതുലാൽ ബി, ഡിജിറ്റൽ മാർക്കറ്റിംഗ്: വിപിൻ കുമാർ, കളറിസ്റ്റ്: ശ്രീക് വാര്യർ, വി.എഫ്.എക്സ്: പ്രോമിസ്, സ്റ്റിൽസ്: സാബി ഹംസ, പബ്ലിസിറ്റി ഡിസൈൻസ്: ഓൾഡ് മങ്ക്സ്.

സൊസൈറ്റി ടുഡേ SOCIETY TODAY



അരിയുടെയും മറ്റ് ഭക്ഷ്യധാന്യങ്ങളുടെയും വില നിയന്ത്രിക്കും

സ്ഥിരം വിലസ്ഥിരതാ പദ്ധതിയുമായി കേരള സർക്കാർ

തിരുവനന്തപുരം: പൊതുവിപണിയിലെ അരിയുടെയും മറ്റ് ഭക്ഷ്യധാന്യങ്ങളുടെയും വില നിയന്ത്രിക്കാൻ സ്ഥിരം വിലസ്ഥിരതാ പദ്ധതിയുമായി കേരള സർക്കാർ. പൊതുവിതരണ സംവിധാനം വഴി അധിക ധാന്യങ്ങൾ ലഭ്യമാക്കുന്നതിനായി ദേശീയ ഭക്ഷ്യഭദ്രതാ നിയമപ്രകാരം സർക്കാർ വിജ്ഞാപനമിറക്കി.

സംസ്ഥാനത്ത് ആദ്യമായാണ് ഇത്തരമൊരു പദ്ധതി നടപ്പാക്കുന്നത്. വിപണിയിൽ വില ഉയരുന്ന സാഹചര്യങ്ങളിൽ സർക്കാർ നേരിട്ട് ഇടപെട്ട് ധാന്യങ്ങൾ സംഭരിച്ച് പൊതുജനങ്ങൾക്ക് വിതരണം ചെയ്യുകയാണ് ലക്ഷ്യം.

പദ്ധതിയുടെ ഭാഗമായി ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ ഓപ്പൺ മാർക്കറ്റ് സെയിൽസ് സ്കീം വഴി സർക്കാർ ധാന്യങ്ങൾ സംഭരിക്കും. ഇലേലത്തിൽ പങ്കെടുക്കാതെയും ആവശ്യമെങ്കിൽ നേരിട്ട് സംഭരണം നടത്താനും സർക്കാരിന് സാധിക്കും. എല്ലാ റേഷൻ കാർഡ് ഉടമകൾക്കും പരമാവധി 15 കിലോഗ്രാം വരെ ധാന്യങ്ങൾ ഇത്തരത്തിൽ വിതരണം ചെയ്യാനാകും. അതത് സമയത്തെ സംഭരണവിലയും കൈകാര്യച്ചെലവും കണക്കിലെടുത്തായിരിക്കും വിൽപ്പനവില നിശ്ചയിക്കുക. ഇതിലൂടെ ലാഭം ഈടാക്കാതെയാണ് ധാന്യങ്ങൾ വിതരണം ചെയ്യുക.

വിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനൊപ്പം സാധാരണക്കാർക്ക് ന്യായമായ വിലയിൽ ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കാനും പദ്ധതി ലക്ഷ്യമിടുന്നു.

ഓരോ തവണയും വിപണിയിൽ ഇടപെടേണ്ട സാഹചര്യമുണ്ടാകുമ്പോൾ സർക്കാരിന്റെ മുൻകൂർ അനുമതിയോടെ ആവശ്യമായ ഫണ്ട് അനുവദിക്കും. പദ്ധതി നടപ്പാക്കുന്നതിനുള്ള ചുമതല സിവിൽ സപ്ലൈസ് കമ്മിഷണർക്കാണ്.

അരി ഉൾപ്പെടെയുള്ള ഭക്ഷ്യധാന്യങ്ങളുടെ വിലയിൽ വലിയ വർധനയുണ്ടാകുമ്പോൾ സർക്കാർ സംഭരണം നടത്തി പൊതുവിതരണ സംവിധാനത്തിലൂടെ വിതരണം ചെയ്യാൻ ഇതു വഴി സാധിക്കും. വിപണിയിലെ ലഭ്യതയും വിലയും വിലയിരുത്തിയാകും ഓരോ ഘട്ടത്തിലെയും ഇടപെടൽ.

കേരളം 25,000 ടൺ അധിക അരി അനുവദിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ, അരി പൊതുവിതരണ സംവിധാനം വഴി വിതരണം ചെയ്യുന്നതിനായി പ്രത്യേക പദ്ധതി തയ്യാറാക്കി വിജ്ഞാപനം ചെയ്യണമെന്നായിരുന്നു കേന്ദ്രത്തിന്റെ നിർദേശം. ഇതിന് പിന്നാലെയാണ് സംസ്ഥാന സർക്കാർ സ്ഥിരം വിലസ്ഥിരതാ പദ്ധതി ആവിഷ്കരിച്ചത്.

ഒറ്റത്തവണത്തെ വിപണി ഇടപെടലിൽ ഒതുങ്ങാതെ ഭാവിയിലും ആവശ്യാനുസരണം ഉപയോഗിക്കാവുന്ന സംവിധാനമെന്ന നിലയിലാണ് പദ്ധതിക്ക് രൂപം നൽകിയിരിക്കുന്നത്. ഉത്സവകാലങ്ങളിലും വിലക്കയറ്റം രൂക്ഷമാകുന്ന ഘട്ടങ്ങളിലും സർക്കാരിന് വേഗത്തിൽ ഇടപെടാൻ ഈ സംവിധാനം സഹായിക്കുമെന്നാണ് പ്രതീക്ഷ.

ഡിസംബറിൽ മുൻഗണന ഇതര വിഭാഗത്തിലെ വെള്ള, നീല കാർഡ് ഉടമകൾക്ക് 5 കിലോഗ്രാം വീതം പുഴുക്കലരി നൽകും. മുൻഗണനാ വിഭാഗത്തിലെ മഞ്ഞ, പിങ്ക് കാർഡുകൾക്ക് 3 കിലോഗ്രാം വീതം പച്ചരിയും ലഭിക്കും. കേന്ദ്ര സർക്കാർ കിലോഗ്രാമിന് 23.90 രൂപയ്ക്കു നൽകുന്ന അരിയാണു കൈകാര്യച്ചെലവും ചേർത്ത് 27 രൂപയ്ക്ക് കാർഡ് ഉടമകൾക്കു നൽകുക.

25,000 ടൺ അരി വാങ്ങാൻ 59.75 കോടി രൂപ എഫ്സിഐക്ക് നൽകാൻ സർക്കാർ അനുമതി നൽകി. വിലസ്ഥിരതാ പദ്ധതിക്കായി വിജ്ഞാപനം ഇറക്കിയതിന്റെ ചുവടുപിടിച്ചാണ് അരി വാങ്ങാനുള്ള അനുമതി.

ത്രിപുരയിൽ റബർ കൃഷി കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കും: റബർ ബോർഡ് ചെയർമാൻ

അഗർത്തല: ത്രിപുരയിൽ റബർ കൃഷി കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നതിനും ഗ്രാമീണ ജനതയുടെ ഉപജീവനമാർഗം മെച്ചപ്പെടുത്തുന്നതിനുമുള്ള പ്രത്യേക പദ്ധതി മുഖ്യമന്ത്രി ഡോ മണിക് സാഹ വിപുലീകരിക്കുന്നു. ഗോത്രവർഗ മേഖലയുടെ ജീവിതസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അവരുടെ സാമ്പത്തിക ഉന്നമനത്തിനും മുൻഗണന നൽകിയാണ് പദ്ധതി നടപ്പാക്കുന്നത്.

സംസ്ഥാന സർക്കാർ നടപ്പാക്കിവരുന്ന മുഖ്യമന്ത്രി റബർ യോജനയുടെ ഭാഗമായി നിലവിലുള്ള 30,000 ഹെക്ടറിൽനിന്ന് ആകെ 69,000 ഹെക്ടറിലേക്ക് റബർ കൃഷി വ്യാപിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. ഇതിനായി 39,000 ഹെക്ടർ അധികമായി കൃഷിക്ക് കീഴിൽ കൊണ്ടുവരും. സംസ്ഥാന സർക്കാർ റബർ നയവും റബർ മിഷനും ഇതിനകം പ്രഖ്യാപിച്ചിട്ടുണ്ട്. രാജ്യത്ത് റബർ നയവും റബർ കൃഷി വ്യാപനത്തിന് പ്രത്യേക പദ്ധതിയും നടപ്പാക്കുന്ന സംസ്ഥാനമാണ് ത്രിപുര

റബർ ബോർഡ് ചെയർമാൻ എൻ ഹരിയുമായി നടത്തിയ കൂടിക്കാഴ്ചയിൽ മുഖ്യമന്ത്രി മണിക് സാഹ സംസ്ഥാനത്തിന്റെ റബർ വികസന പദ്ധതികൾ വിശദീകരിച്ചു. ഗ്രാമീണ മേഖലയിലെ 89,000 കുടുംബങ്ങൾക്ക് റബർ കൃഷിയിലൂടെ സ്ഥിരമായ ഉപജീവനമാർഗം ഉറപ്പാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. പ്രത്യേകിച്ച് പട്ടികവിഭാഗത്തിൽപ്പെട്ടവരുടെ ജീവിതസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അത്തരം മേഖലകളിലെ ഓരോ കുടുംബത്തിനും പ്രതിമാസം കുറഞ്ഞത് 10,000 രൂപയുടെ വരുമാനം ഉറപ്പാക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നതായി മുഖ്യമന്ത്രി വിശദീകരിച്ചു. റബർ കൃഷി വ്യാപിപ്പിച്ച് ഗ്രാമീണ ജനതയുടെയും അടിസ്ഥാന ജനവിഭാഗത്തിന്റെയും വരുമാനവും ഉപജീവനസുരക്ഷയും മെച്ചപ്പെടുത്താനാണ് ആഗ്രഹിക്കുന്നതെന്ന് മുഖ്യമന്ത്രി പറഞ്ഞു.

റബർ കൃഷിക്ക് അനുയോജ്യമായ കൂടുതൽ പ്രദേശങ്ങൾ കണ്ടെത്തി കൃഷി വ്യാപിപ്പിക്കുന്നതിനൊപ്പം റബർ അധിഷ്ഠിത വ്യവസായങ്ങളും തൊഴിലവസരങ്ങളും പ്രോത്സാഹിപ്പിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി നൂതന സംസ്കരണ യൂണിറ്റുകൾ, പുകപ്പുരകൾ, സംയോജിത റബർ സംസ്കരണശാലകൾ എന്നിവ സംസ്ഥാനത്ത് സ്ഥാപിക്കേണ്ടതിന്റെ ആവശ്യകതയും മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി. കർഷകർക്കും മേഖലയിലെ തൊഴിലാളികൾക്കും വിദഗ്ധ പരിശീലനം നൽകുന്നതിനും പദ്ധതിയുണ്ട്.പദ്ധതി ഫലപ്രദമായി നടപ്പാക്കുന്നതിന് റബർ ബോർഡിന്റെ സാങ്കേതികവും സ്ഥാപനപരവുമായ പിന്തുണ മുഖ്യമന്ത്രി മണിക് സാഹ റബർ ബോർഡ് അധ്യക്ഷനുമായുള്ള കൂടിക്കാഴ്ചയിൽ അഭ്യർഥിച്ചു. ഇതിനായി വിശദമായ തുടർ ചർച്ചകൾ ബന്ധപ്പെട്ട വകുപ്പു മന്ത്രി തലത്തിലും ഉദ്യോഗസ്ഥ തലത്തിലും നടത്തണമെന്ന് മുഖ്യമന്ത്രി നിർദേശിച്ചു. മന്ത്രിമാരുടെ നേതൃത്വത്തിൽ റബർ ബോർഡുമായി ചർച്ചകൾ സംഘടിപ്പിക്കുന്നതിനും ചീഫ് സെക്രട്ടറി തലത്തിലുള്ള ചർച്ച ഉടൻ നടത്തുന്നതിനും നിർദേശിച്ചിട്ടുണ്ട്. പ്രാദേശിക തിരഞ്ഞെടുപ്പുകൾക്കുശേഷം ബോർഡുമായി മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ തുടർച്ചകൾ നടത്തുമെന്ന് അദ്ദേഹം അറിയിച്ചു.

നൂറാം വയസ്സിലേക്ക് കനറാ ബാങ്ക് മട്ടാഞ്ചേരി ശാഖ; ശതാബ്ദി ആഘോഷങ്ങൾക്ക് വർണ്ണാഭമായ തുടക്കം

കൊച്ചി: ഒരു നൂറ്റാണ്ടിന്റെ വിശ്വാസത്തിന്റെയും സേവനപാരമ്പര്യത്തിന്റെയും അഭിമാനനേട്ടവുമായി കനറാ ബാങ്കിന്റെ ചരിത്രപ്രസിദ്ധമായ മട്ടാഞ്ചേരി ശാഖ ശതാബ്ദി ആഘോഷിച്ചു. 1926 നവംബർ 22 ന് പ്രവർത്തനമാരംഭിച്ച ഈ ശാഖ കനറാ ബാങ്കിന്റെ നാലാമത്തെയും കേരളത്തിലെ രണ്ടാമത്തെയും ശാഖയാണ്.



ശതാബ്ദി ആഘോഷച്ചടങ്ങിൽ കനറാ ബാങ്ക് എക്സിക്യൂട്ടീവ് ഡയറക്ടർ ഭവേന്ദ്ര കുമാർ മുഖ്യാതിഥിയായിരുന്നു. കനറാ ബാങ്ക് ജനറൽ മാനേജരും കേരള സർക്കിൾ ഹെഡും സംസ്ഥാനതല ബാങ്കേഴ്സ് സമിതി കൺവീനറുമായ വി.എസ്. സന്തോഷ്, കൊച്ചി എംഎൽഎ മുഹമ്മദ് ഷിയാസ് എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി വിപുലമായ സാമൂഹിക ക്ഷേമ പദ്ധതികൾക്കും ബാങ്ക് തുടക്കം കുറിച്ചു.

ഇതിന്റെ ഭാഗമായി വിദ്യാർഥികൾക്ക് 100 സ്കൂൾ ബാഗുകളുടെ വിതരണം, സ്കൂളിന് വാട്ടർ പ്യൂരിഫയറും രണ്ട് പെഡസ്റ്റൽ ഫാനുകളും നൽകൽ, മട്ടാഞ്ചേരി ശാഖയിൽ നിന്നാരംഭിച്ച് എറണാകുളം ജില്ലയുടെ വിവിധ ഭാഗങ്ങളിലായി 100 വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കൽ എന്നിവയ്ക്ക് തുടക്കമായി. കൂടാതെ, സ്കൂൾ വിദ്യാർഥികൾക്കായി സേവിങ്സ് ബാങ്ക് അക്കൗണ്ടുകൾ ആരംഭിക്കുന്നതിനുള്ള പ്രത്യേക സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്.

വിദ്യാഭ്യാസ പ്രോത്സാഹനം, പരിസ്ഥിതി സംരക്ഷണം, സാമ്പത്തിക ഉൾച്ചേർക്കൽ എന്നിവയ്ക്ക് മുൻഗണന നൽകുന്ന ഈ പദ്ധതികൾ ബാങ്കിന്റെ സാമൂഹിക പ്രതിബദ്ധതയുടെ നേർക്കാഴ്ചയായി. സാമ്പത്തിക സേവനങ്ങൾക്കപ്പുറം സമൂഹത്തിന്റെ സമഗ്ര വികസനത്തിലും സജീവ പങ്കാളിത്തം ഉറപ്പാക്കുകയാണ് കനറാ ബാങ്ക്.

സൊസൈറ്റി ടുഡേ SOCIETY TODAY

പിൻവലിക്കൽ ചട്ടങ്ങൾ ഇളവ് ചെയ്ത് ഇപിഎഫ്ഒ

ന്യൂഡൽഹി: വിരമിക്കുമ്പോൾ പ്രോവിഡൻറ് ഫണ്ട് (പിഎഫ്) സമ്പാദ്യം മുഴുവനായി ഒറ്റത്തവണ പിൻവലിക്കുന്നതിനുപകരം തവണകളായി കൈപ്പറ്റാൻ അനുവദിക്കുന്ന സിസ്റ്റമാറ്റിക് വിത്ഡ്രോവൽ പ്ലാനിന് (എസ്ഡബ്ല്യുപി) എംപ്ലോയീസ് പ്രോവിഡൻറ് ഫണ്ട് ഓർഗനൈസേഷൻ (ഇപിഎഫ്ഒ) അനുമതി നൽകി.

വിരമിച്ചശേഷം പിഎഫ് നിക്ഷേപം സ്ഥിരവരുമാനമായി പ്രയോജനപ്പെടുത്താൻ സഹായിക്കുന്നതാണ് പുതിയ സംവിധാനം. കേന്ദ്ര തൊഴിൽമന്ത്രി മൻസുഖ് മാണ്ഡവ്യയുടെ അധ്യക്ഷതയിൽ ചേർന്ന സെൻട്രൽ ബോർഡ് ഓഫ് ട്രസ്റ്റീസിന്റെ യോഗത്തിലാണ് തീരുമാനം.

55 വയസിന് മുകളിലുള്ളവരും പിഎഫ് അക്കൗണ്ടിൽ അഞ്ചു ലക്ഷത്തിലധികം രൂപ നിക്ഷേപമുള്ളവരുമായ ഏകദേശം 6.32 ലക്ഷം പേർക്കാണ് ആദ്യഘട്ടത്തിൽ ഇതിന്റെ പ്രയോജനം ലഭിക്കുക. പിൻവലിക്കാതെ അക്കൗണ്ടിൽ നിലനിർത്തുന്ന തുകയ്ക്ക് നിലവിലെ നിരക്കിൽ പലിശ തുടർന്നും ലഭിക്കും.

പുതിയ പദ്ധതിപ്രകാരം മൂന്നു രീതികളിൽ പിഎഫ് തുക കൈപ്പറ്റാം. നിശ്ചിത ഇടവേളകളിൽ തവണകളായി തുക പിൻവലിക്കാം. അല്ലെങ്കിൽ ഒരു ഭാഗം ആദ്യം ഒറ്റത്തവണയായി പിൻവലിച്ചശേഷം ബാക്കി തുക തവണകളായി സ്വീകരിക്കാം. മൂന്നാമത്തെ രീതിയിൽ നിക്ഷേപത്തിന്റെ പലിശ മാത്രം പിൻവലിച്ച് മൂലധനം അക്കൗണ്ടിൽ നിലനിർത്താം.

ആവശ്യമെങ്കിൽ പദ്ധതി ഇടയ്ക്കുവച്ച് അവസാനിപ്പിച്ച് ശേഷിക്കുന്ന മുഴുവൻ തുകയും പിൻവലിക്കാനും അവസരമുണ്ടാകും. അക്കൗണ്ടുടമ തവണകൾ ലഭിക്കുന്നതിനിടെ മരിച്ചാൽ ബാക്കിയുള്ള തുക നോമിനിക്കോ ആശ്രിതർക്കോ ഒറ്റത്തവണയായോ തവണകളായോ കൈപ്പറ്റാം. പിൻവലിക്കലിന്റെ ഇടവേള, മിനിമം ബാലൻസ്, അപേക്ഷാ നടപടികൾ തുടങ്ങിയവ സംബന്ധിച്ച വിശദമായ മാർഗനിർദേശങ്ങൾ വൈകാതെ ഇപിഎഫ്ഒ പുറത്തിറക്കും.



വിരമിക്കുമ്പോൾ ലഭിക്കുന്ന വലിയൊരു തുക എവിടെ നിക്ഷേപിക്കണമെന്ന ആശങ്ക ഒഴിവാക്കാമെന്നതാണ് പദ്ധതിയുടെ പ്രധാന നേട്ടം. ഉദാഹരണത്തിന്, പിഎഫ് അക്കൗണ്ടിൽ 30 ലക്ഷം രൂപയുള്ള ഒരാൾക്ക് തുക തവണകളായി പിൻവലിച്ച് പ്രതിമാസ ചെലവുകൾക്കായി ഉപയോഗിക്കാം. അതേസമയം, അക്കൗണ്ടിൽ അവശേഷിക്കുന്ന തുകയ്ക്കു പലിശ ലഭിക്കുകയും ചെയ്യും. 2025-26 സാമ്പത്തികവർഷത്തേക്ക് 8.25 ശതമാനം പലിശനിരക്കാണ് സെൻട്രൽ ബോർഡ് ശിപാർശ ചെയ്തിരിക്കുന്നത്.

സിസ്റ്റമാറ്റിക് വിത്ഡ്രോവൽ പ്ലാനിന് അനുമതി നൽകിയതിനൊപ്പം വിരമിക്കുന്നതിനുമുമ്പുള്ള ഭാഗിക പിൻവലിക്കൽ ചട്ടങ്ങളിലും ഇപിഎഫ്ഒ ഇളവുകൾ വരുത്തിയിട്ടുണ്ട്. 55 വയസിന് താഴെയുള്ളവർക്ക് അർഹമായ പിഎഫ് ബാലൻസിന്റെ 90 ശതമാനം വരെ പിൻവലിക്കാം. നേരത്തേ ഇത് 75 ശതമാനമായിരുന്നു.

ജോലി നഷ്ടപ്പെട്ടാൽ പിഎഫ് തുക പിൻവലിക്കുന്നതിനു കാത്തിരിക്കേണ്ട കാലാവധി 12 മാസത്തിൽനിന്ന് രണ്ടുമാസമായി കുറച്ചിട്ടുണ്ട്. ചികിത്സ, വിദ്യാഭ്യാസം, വിവാഹം, വീട് വാങ്ങൽ, നിർമാണം, ഭവനവായ്പ തിരിച്ചടവ്, വീട് നവീകരണം തുടങ്ങിയ ആവശ്യങ്ങൾക്കും നിബന്ധനകൾക്കു വിധേയമായി പണം പിൻവലിക്കാം. എന്നാൽ, പുതിയ പിൻവലിക്കൽ സംവിധാനം ഇപിഎഫ്ഒയുടെ വിജ്ഞാപനവും വിശദമായ മാർഗനിർദേശങ്ങളും പുറത്തിറങ്ങിയശേഷമേ പ്രാബല്യത്തിൽ വരൂ. ആദ്യഘട്ടത്തിൽ ഇപിഎഫ്ഒ നേരിട്ടു കൈകാര്യം ചെയ്യുന്ന അക്കൗണ്ടുകൾക്കായിരിക്കും ആനുകൂല്യം ലഭിക്കുക. സ്വന്തം ട്രസ്റ്റുകൾ വഴി പിഎഫ് കൈകാര്യം ചെയ്യുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് നിലവിൽ ഈ സൗകര്യം ലഭിച്ചേക്കില്ല.

പുതിയ പദ്ധതി പിഎഫ് നിക്ഷേപത്തിനു മാത്രമാണ് ബാധകം. എംപ്ലോയീസ് പെൻഷൻ സ്കീം (ഇപിഎസ്) പ്രകാരമുള്ള പ്രതിമാസ പെൻഷൻ ഇതിൽനിന്നു വ്യത്യസ്തമായ

ആന്ത്രോപിക്കിന്റെ മൂല്യം 1.5 ട്രില്യൺ ഡോളർ

മുംബൈ: ആന്ത്രോപിക്കിന്റെ ഐപിഒ, ആഗോള നിർമിത ബുദ്ധി (എഐ) വ്യവസായവും ഇന്ത്യയിലെ ഏറ്റവും വലിയ ലിസ്റ്റ് ചെയ്ത കമ്പനികളും തമ്മിൽ വലിയൊരു മൂല്യനിർണയ അന്തരം സൃഷ്ടിച്ചിരിക്കുകയാണ്. ക്ലോഡ് എന്ന എഐ മോഡലിന്റെ നിർമാതാക്കളായ, അഞ്ച് വർഷം മാത്രം പഴക്കമുള്ള ഈ കമ്പനിയുടെ പൂർണ മൂല്യം ഏകദേശം 1.5 ട്രില്യൺ ഡോളറാണ്; ഇത് ഇന്ത്യയിലെ ഏറ്റവും വലിയ 10 കമ്പനികളുടെ ആകെ വിപണി മൂല്യത്തേക്കാൾ കൂടുതലാണ്. ഇന്ത്യയിലെ മുൻനിരയിലുള്ള 10 കമ്പനികളുടെ ആകെ മൂല്യം ഏകദേശം 1.04 ട്രില്യൺ ഡോളറാണ്. അതായത്, രാജ്യത്തെ ഏറ്റവും വലിയ 10 ലിസ്റ്റ് ചെയ്ത കമ്പനികളുടെ സംയുക്ത മൂല്യത്തേക്കാൾ ഏകദേശം 45 ശതമാനം കൂടുതലാണ് ആന്ത്രോപിക്കിന്റെ മൂല്യം. ഓരോ കമ്പനിയെയും വെവ്വേറെ താരതമ്യം ചെയ്യുമ്പോൾ ഈ വ്യത്യാസം ഇതിലും വ്യക്തമാണ്. ഇന്ത്യയിലെ ഏറ്റവും വലിയ കമ്പനിയായ റിലയൻസ് ഇൻഡസ്ട്രീസിന്റെ വിപണി മൂല്യം ഏകദേശം 18.46 ലക്ഷം കോടി രൂപ അഥവാ ഏകദേശം 197.5 ബില്യൺ ഡോളറാണ്. ഇതിന്റെ അടിസ്ഥാനത്തിൽ, ആന്ത്രോപിക്കിന്റെ പൂർണ മൂല്യം റിലയൻസ് ഇൻഡസ്ട്രീസിന്റെ വിപണി മൂല്യത്തിന്റെ ഏകദേശം 7.6 മടങ്ങാണ്. നേരത്തേ സൂചിപ്പിച്ചിരുന്ന 70 മുതൽ 78 ഡോളർ വരെയുള്ള നിരക്കിനേക്കാൾ ഉയർന്ന്, ഒരു ഓഹരിക്ക് 83 ഡോളർ എന്ന നിരക്കിൽ ഐപിഒ വില നിശ്ചയിച്ച് ഐപിഒക്ക് ഇറങ്ങുകയാണ്. സ്റ്റോക്ക് ഓപ്ഷനുകളും നിയന്ത്രിത ഓഹരികളും ഉൾപ്പടെയുള്ള പൂർണ മൂല്യനിർണയത്തിൽ, ക്ലോഡിന്റെ നിർമാതാക്കൾക്ക് ഏകദേശം 1.5 ട്രില്യൺ ഡോളറാണ് ഐപിഒ മൂല്യം കണക്കാക്കുന്നത്. ഇവ ഉൾപ്പെടുത്താതെയുള്ള മൂല്യം ഏകദേശം 1.1 ട്രില്യൺ ഡോളറാണ്. ഐപിഒയിൽ റിക്കാർഡ് ഇട്ട് ആന്ത്രോപിക്. ആന്ത്രോപിക്കിന്റെ ഓഹരി വില്പനയിൽ 980 മില്യൺ ഓഹരികളാണ് ഉൾപ്പെടുന്നത്. ഇതിൽ 956.4 മില്യൺ ഓഹരികൾ സ്ഥാപന നിക്ഷേപകർക്ക് വിറ്റു. കമ്പനിയുടെ സഹസ്ഥാപകർ 23.6 മില്യൺ ഓഹരികൾ കൂടി വിറ്റഴിച്ചു. ബ്ലൂംബെർഗിൻറെ കണക്കുകൾ പ്രകാരം ആകെ സമാഹരിച്ച തുക 10730 കോടി ഡോളർ റിലെത്തി.



ഇതോടെ സ്പേസ് എക്സിന്റെ റിക്കാർഡിനെ മറികടന്ന് ലോകത്തിലെ ഏറ്റവും വലിയ ഐപിഒ എന്ന നേട്ടം ആന്ത്രോപിക് സ്വന്തമാക്കി. ജൂണിൽ ഇലോൺ മസ്കിന്റെ സ്പേസ് എക്സ് ഐപിഒ വഴി സമാഹരിച്ചത് 7500 കോടി ഡോളറാണ്. എന്നാൽ, 1.9 ട്രില്യൺ ഡോളർ എന്ന ഉയർന്ന മൂല്യനിർണയം സ്പേസ് എക്സിനുണ്ട്.



ഇന്ത്യൻ വിപണി പിടിക്കാൻ വിൻഫാസ്റ്റ് ഇവി സ്കൂട്ടർ

മുംബൈ: കഴിഞ്ഞ വർഷം ഇന്ത്യൻ വിപണിയിൽ രണ്ടു ഇലക്ട്രിക് കാർ ഇറക്കിയ വിയറ്റ്നാമീസ് കമ്പനി വിൻഫാസ്റ്റ് ഇന്ത്യൻ ഇരുചക്ര ഇലക്ട്രിക് വാഹന വിപണിയിൽ അരങ്ങേറ്റത്തിനൊരുങ്ങുന്നു. അടുത്ത വർഷം ആദ്യം ഇന്ത്യൻ വിപണിക്കായി മൂന്നു മോഡലുകൾ പുറത്തിറക്കാനാണ് പദ്ധതി.

വിയറ്റ്നാമിൽ വിൽക്കുന്ന ഇവോ, ക്യോ, കിനെറ്റ് എന്നീ മോഡലുകളെ അടിസ്ഥാനമാക്കിയായിരിക്കും പുതിയ സ്കൂട്ടറുകൾ. ഈ മൂന്ന് മോഡലുകളും ഇന്ത്യയിൽ തന്നെ നിർമിക്കാനാണ് കമ്പനിയുടെ തീരുമാനം.വിയറ്റ്നാമിൽ വിൽക്കുന്ന മോഡലുകളാണെങ്കിലും ഇന്ത്യൻ വിപണിക്ക് അനുയോജ്യമായ രൂപമാറ്റം വരുത്തിയാകും വിൽക്കുക.

ഇന്ത്യൻ റോഡുകളുടെ സ്വഭാവവും ഉപഭോക്താക്കളുടെ ആവശ്യങ്ങളും പരിഗണിച്ച് രൂപകൽപ്പനയിലും ഷാസിയിലും കാര്യമായ മാറ്റങ്ങൾ വരുത്തും. ഗ്രൗണ്ട് ക്ലിയറൻസ് വർധിപ്പിക്കുക, സീറ്റിനടിയിലെ സ്റ്റോറേജ് സൗകര്യം മെച്ചപ്പെടുത്തുക തുടങ്ങിയവയ്ക്കാണ് ഊന്നൽ നൽകുക. മോഡലുകളുടെ പേരിലും മാറ്റമുണ്ടാകാൻ സാധ്യതയുണ്ട്.

ദീപക് രജാവത് എയർ ഇന്ത്യ എക്സ്പ്രസിന്റെ പുതിയ സിഇഒ



കൊച്ചി: എയർ ഇന്ത്യ എക്സ്പ്രസിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി ദീപക് രജാവത്തിനെ നിയമിച്ചു. ഡിസംബർ ഒന്നിന് ചുമതല ഏറ്റെടുക്കും. നിലവിൽ എയർ ഇന്ത്യ എക്സ്പ്രസിന്റെ ചീഫ് ഫിനാൻഷ്യൽ ഓഫീസറാണ്.മാപ്പുകൾ കാണുക

വ്യോമയാന മേഖലയിൽ രണ്ട് പതിറ്റാണ്ടിലേറെ അനുഭവ സമ്പത്തുള്ള ദീപക് രജാവത് നേരത്തെ വിസ്താരയിൽ കോർപ്പറേറ്റ് പ്ലാനിംഗ്, എയർക്രാഫ്റ്റ് അക്വിസിഷൻ, ഫിനാൻസ് തുടങ്ങിയ മേഖകളിൽ വിവിധ ചുമതലകൾ വഹിച്ചിട്ടുണ്ട്.

ചീഫ് കൊമേഴ്സ്യൽ ഓഫീസർ എന്ന നിലയിൽ വിസ്താരയിൽ റവന്യൂ മാനേജ്മെന്റ്, നെറ്റ്വർക്ക് പ്ലാനിങ്, സെയിൽസ്, പാർട്ണർഷിപ്പ്, ഉൽപ്പന്ന വികസനം, വിമാനത്തിനുള്ളിലെ സേവനങ്ങൾ, മാർക്കറ്റിങ്, ബ്രാൻഡിങ്, ഉപഭോക്തൃ അനുഭവം തുടങ്ങി വിപുലമായ മേഖലകളുടെ ചുമതലയും നിർവഹിച്ചിട്ടുണ്ട്.

പുതിയ ഉത്തരവാദിത്തം ഏറ്റെടുക്കുന്നതിൽ അഭിമാനമുണ്ടെന്നും വിസ്താരയിലൂടെയും ഇപ്പോൾ എയർ ഇന്ത്യ എക്സ്പ്രസിലൂടെയും ടാറ്റ ഗ്രൂപ്പിന്റെ വ്യോമയാന മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കാൻ കഴിഞ്ഞതിലൂടെ ഇന്ത്യൻ വ്യോമയാന രംഗത്തുണ്ടായ മാറ്റങ്ങൾക്ക് നേരിട്ട് സാക്ഷ്യം വഹിക്കാൻ സാധിച്ചിട്ടുണ്ടെന്നും ദീപക് രാജാവത്ത് പറഞ്ഞു.മാപ്പുകൾ കാണുക

ഉപഭോക്തൃ സേവനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തും. കാര്യക്ഷമവും നൂതനവും സാങ്കേതിക വിദ്യയിലൂന്നിയുള്ള ഒരു മൂല്യാധിഷ്ഠിത വിമാനക്കമ്പനിയായുള്ള എയർ ഇന്ത്യ എക്സ്പ്രസിന്റെ മുന്നേറ്റം കൂടുതൽ വേഗത്തിലാക്കും. കാര്യക്ഷമതയ്ക്കും നൂതന ആശയങ്ങൾക്കുമൊപ്പം മാനുഷിക മൂല്യങ്ങൾക്കും പ്രാധാന്യം നൽകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഇന്ത്യയിൽ 48 സ്ഥലങ്ങളിലേക്കും വിവിധ ഏഷ്യൻ രാജ്യങ്ങളിലെ 17 ഇടങ്ങളിലേക്കുമായി പ്രതിദിനം 585ഓളം വിമാന സർവീസുകളാണ് എയർ ഇന്ത്യ എക്സ്പ്രസിനുള്ളത്.

ബോയിങ് 737, എയർബസ് എ320 ഫ്ളീറ്റുകളിൽ നിന്നുള്ള 108 ആധുനിക വിമാനങ്ങളാണ് കമ്പനിയ്ക്കുള്ളത്.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com